III. അടിയന്തരപ്രമേയം

നിയമനത്തട്ടിപ്പും പിൻവാതിൽ നിയമനവും

മി. സ്പീക്കർ : പി.എസ്.സി-യുടെ വിശ്വാസ്യതയെ ഇല്ലാതാക്കുന്ന വിധത്തിൽ നിയമനത്തട്ടിപ്പും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അവഗണിച്ചു കൊണ്ട് പൊതുമേഖലാസ്ഥാപനങ്ങളിൽ പോലും നടക്കുന്ന പിൻവാതിൽ നിയമനവും മൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. പി. സി. വിഷ്ണുനാഥ്, സി. ടി. അഹമ്മദ് അലി, കെ. പി. മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഈ സർക്കാർ കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് നിലവിലുണ്ടായിരുന്ന നിയമനനിരോധനം പിൻവലിച്ച് സർക്കാർ സർവ്വീസിൽ നിയമനം ത്വരിതപ്പെടുത്തുകയാണ് ചെയ്തത്. ഒഴിവുള്ള തസ്തികകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്നും റിപ്പോർട്ട് ചെയ്യാൻ വൈകിയാൽ ബന്ധപ്പെട്ടവർക്കെതിരെ നടപടിയെടുക്കുമെന്നും പ്രഖ്യാപിച്ച സർക്കാരാണിത്. 2010 ഡിസംബർ മാസം 31 വരെ 151000-ൽപ്പരം പേർക്ക് പി.എസ്.സി. വഴി നിയമനം നൽകി. ഇതൊരു സർവ്വകാല റിക്കാർഡാണ്. മുൻഗവൺമെന്റിന്റെ കാലത്ത് അഞ്ച് വർഷം കൊണ്ട് 130000-ൽ താഴെ പേർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയത്. 30000-ത്തോളം പുതിയ തസ്തികകൾ കഴിഞ്ഞ 56 മാസത്തിനിടയിൽ സൃഷ്ടിക്കുകയുണ്ടായി. ദേവസ്വംബോർഡ്, സ്പോർട്സ് കൗൺസിൽ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടത് ഈ സർക്കാരിന്റെ കാലത്താണ്. സർവ്വകലാശാലകളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അത് നടപ്പിലാക്കാൻ സർവ്വകലാശാല നിയമത്തിലും പി.എസ്.സി. നിയമത്തിലും ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പി.എസ്.സി.-ക്ക് വിട്ടുകഴിഞ്ഞിട്ടില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പ്രധാനപ്പെട്ട പ്രൊഫഷണൽ ഏജൻസികൾ മുഖേനയാണ് നടത്തുന്നത്. പ്രൊഡക്ടിവിറ്റി കൗൺസിൽ, കിറ്റ്കോ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങൾ മുഖേന എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത്. മുൻ ഭരണകാലത്തും അനുവർത്തിച്ച രീതിയിതാണ്. പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം സുതാര്യമായി നടത്തുന്നതിന് എല്ലാ നടപടിയും സ്വീകരിക്കുന്നുണ്ട്. മുൻഭരണകാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കുകയായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ കാലത്ത് 60000-ൽപ്പരം പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുകയുണ്ടായി. നിങ്ങളുടെ ഭരണ

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് സർക്കാർ സ്കൂളുകളിലും കോളേജുകളിലുമൊക്കെ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ നിയമനം നടത്തുകയോ ചെയ്തതായില്ല. ദിവസവേതനക്കാരും മണിക്കൂർ വേതനക്കാരുമാണ് കുട്ടികളെ പഠിപ്പിക്കാനുണ്ടായിരുന്നത്. അത് മാറ്റി ആയിരക്കണക്കിന് തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. വഴി നിയമനം നടത്തുകയാണ്. പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങളെക്കുറിച്ച് നിങ്ങൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്. നിങ്ങൾ പൊതുമേഖലയിൽ നിയമനം നടത്തിയിട്ടില്ല. കാരണം അത് വിറ്റുതുലയ്ക്കാനും പൂട്ടിയിടാനുമായിരുന്നു നിങ്ങൾക്ക് താൽപ്പര്യം. ഈ സർക്കാരിന്റെ കാലത്ത് മിക്ക പൊതുമേഖലാസ്ഥാപനങ്ങളേയും നഷ്ടത്തിൽനിന്നും രക്ഷിച്ചു. പുതുതായി 9 പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങാൻ നടപടിയെടുത്തു. എല്ലാം വിറ്റുതുലയ്ക്കലല്ല ചെയ്തിട്ടുള്ളത്. നിയമന നിരോധനം നടപ്പിലാക്കിയവർക്ക് വ്യവസായങ്ങൾ ലാഭത്തിലാകുകയും പുതിയ സ്ഥാപനങ്ങൾ തുടങ്ങുകയും അവിടെ സുതാര്യമായി നിയമനം നടത്തുകയും ചെയ്യുന്നത് കാണുമ്പോൾ കുശുമ്പുണ്ടാകുക സ്വാഭാവികമാണ്. നമ്മുടെ സംസ്ഥാനത്ത് പി.എസ്.സി. മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. എന്നാൽ പി.എസ്.സി. മുഖാർശ ചെയ്യാത്ത ചിലർ സർക്കാർ സർവ്വീസിൽ കയറിപ്പറ്റിയെന്ന വിവരം ലഭിച്ചയുടനെ തന്നെ നിയമനത്തട്ടിപ്പ് പൂർണ്ണമായി തടയാൻ എല്ലാ പഴുതുകളും അടയ്ക്കാൻ സർക്കാരും പി.എസ്.സി.-യും കർശന നടപടി സ്വീകരിച്ചു. കഴിഞ്ഞ 10 വർഷത്തിനകം സർക്കാർ സർവ്വീസിൽ നടത്തിയ മുഴുവൻ നിയമനങ്ങളും സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര കമ്മിറ്റിയിൽ പ്രത്യേകം സെല്ലുകളുണ്ടാക്കുകയും അതിന്റെ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. അതിനാൽ നിങ്ങളുടെ പ്രമേയമായ പി.എസ്.സി. വഴിയുള്ള അഴിമതിയെ സംബന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങേയറ്റം ഗുരുതരമായ ഒരു പ്രശ്നത്തെ വളരെ ലാഘവത്തോടുകൂടിയാണ് അങ്ങ് കണ്ടത്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഒരുപാട് വ്യാജനിയമനങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ടെങ്കിൽപ്പോലും പി.എസ്.സി.-യെ കരിനിഴലിൽ ആഴ്ത്തിയ നിയമനത്തട്ടിപ്പ് ഈ സർക്കാരിന്റെ കാലത്താണെന്നുള്ളത്, അങ്ങയ്ക്ക് അഭിമാനമാണോയെന്ന് അങ്ങൊന്ന് ആലോചിക്കണം. പി.എസ്.സി.-യുടെ വ്യാജഹാൾട്ടിക്കറ്റുണ്ടാക്കി വ്യാജനിയമനം നടത്തി നാല് വർഷക്കാലം സർക്കാർ ശമ്പളം വാങ്ങിച്ച അഖിലേഷ് പിള്ള നേതൃത്വം നൽകിയ വയനാട്ടിലെ തട്ടിപ്പ്, നെല്ലിയാമ്പതിയിലെ ദിനേശൻ ഒന്നരക്കൊല്ലം മുമ്പ് വ്യാജനിയമനം നേടിയത് കണ്ടെത്തിയിട്ടും അദ്ദേഹത്തെ ഒന്നരക്കൊല്ലം തുടരാൻ അനുവദിച്ചു. ആ വാർത്ത മാധ്യമങ്ങളിൽക്കൂടി പുറത്തുവന്നപ്പോൾ നിങ്ങളിപ്പോൾ അദ്ദേഹത്തെ പുറത്താക്കി. കൊല്ലത്ത് ഫോൺവഴി ഉത്തരം പറഞ്ഞുകൊടുത്ത് എസ്. ഐ.-മാർ സർവ്വീസിൽ പ്രവേശിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. അത് അങ്ങയുടെ സർക്കാരിന് അഭിമാനമാണോയെന്ന് അങ്ങ് വിശദീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

സമയക്കുറവുകൊണ്ട് ഇതുമുന്നും മാത്രമേ വിശദീകരിക്കുന്നുള്ളൂ. ഒരുപാട് മാധ്യമചർച്ചകൾ നടന്ന ഒരു പ്രശ്നമാണ്. സർവ്വകലാശാലകളുടെ നിയമനം പി.എസ്.സി.-ക്ക് വിടാൻ കൃാബിനറ്റ് തീരുമാനിച്ചെന്ന് മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചു. ഏത് സാഹചര്യത്തിലാണ് അത്തരമൊരു തീരുമാനമെടുത്തത്? 42000 പേർ എഴുതിയ കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് പരീക്ഷയുടെ ഒ.എം.ആർ. ആൻസർ ഷീറ്റ് അന്തരീക്ഷത്തിൽ അലിഞ്ഞ് ഇല്ലാതായിട്ട് എത്ര കാലമായി? ജസ്റ്റിസ് എൻ. സുകുമാരൻ കമ്മീഷന്റെ റിപ്പോർട്ട് എന്താണ് പറയുന്നത്? ആ റിപ്പോർട്ട് പറയുന്നത് ക്രൈംബ്രാഞ്ച് അന്വേഷണത്തിൽക്കൂടി ആ ആൻസർ ഷീറ്റ് കണ്ടെത്തണമെന്നാണ്. പത്താം തീയതി സുകുമാരൻ കമ്മീഷൻ റിപ്പോർട്ട് വന്നതുകൊണ്ടാണ് നിയമസഭയിൽ പ്രതിപക്ഷത്തെ നേരിടാനുള്ള ശേഷിയില്ലായ്മകൊണ്ട് അങ്ങയുടെ കൃാബിനറ്റ് പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനമെടുത്തത്. അതിനുമുമ്പ് ലോകായുക്ത ഈ 200 പേരെ പിരിച്ചുവിടാൻ നിർദ്ദേശിച്ചു. ലോകായുക്തയിൽ കേസ് വന്നപ്പോൾ, വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങ് ഇവിടെ ശ്രദ്ധിക്കണം, അങ്ങ് പറഞ്ഞതെന്താണ്? ലോകായുക്തയുടെ വിധി വരുമ്പോൾ നടപടി സ്വീകരിക്കും എന്നാണ്. പിരിച്ചുവിടാൻ ലോകായുക്തയുടെ വിധി വന്നു. അതിനെതിരെ വകുപ്പുമന്ത്രി എന്ത് നടപടിയാണ് എടുത്തത്? സർവ്വകലാശാലയുടെ ചെലവിൽ ഹൈക്കോടതിയിൽ കേസ്സിന് പോയി. ഹൈക്കോടതി നിയോഗിച്ച കമ്മീഷനിൽ, അങ്ങയുടെ വിദ്യാഭ്യാസ സെക്രട്ടറി ശ്രീ. കുമുവിള അതിൽ ഒപ്പിട്ടിട്ടുണ്ട്, അഴിമതി നടന്നിരിക്കുകയാണ് എന്ന് കണ്ടെത്തി അഴിമതി നടന്നിരിക്കുന്നുവെന്ന് പറഞ്ഞ സാഹചര്യത്തിൽ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു. അതിനുശേഷം ഇപ്പോൾ വന്നിരിക്കുന്നതെന്താണ്? 6/2-ലെ മാതൃഭൂമി പത്രത്തിൽ വന്നിരിക്കുന്നു. 'സർവ്വകലാശാല നിയമനം പി.എസ്.സി.-ക്ക് വിടുന്നത് പിൻവലിച്ചു' എന്ന്. പുതിയ ഉത്തരവ് അങ്ങ് ഇറക്കിയിരിക്കുകയാണ്. 4/2-ൽ ഇറക്കിയിരിക്കുന്ന ഉത്തരവിൽ എന്താണ് പറഞ്ഞിരിക്കുന്നത്? അതിൽ ഒരുപാട് കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അതിലൊരു കാരണമെന്താണ്? സർവ്വകലാശാലകളിൽ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യേണ്ടതിന് സമയം വേണമെന്നാണ്. ഇവിടെ 18/2-ന് അങ്ങ് ഇറക്കിയ ഉത്തരവ് എന്റെ കയ്യിലുണ്ട്. അതുപ്രകാരം സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാൻ സർവ്വകലാശാലകളോട് ആവശ്യപ്പെടുന്നു എന്നാണ്. ഞാൻ ഉത്തരവാദിത്തത്തോടുകൂടി ചോദിക്കുകയാണ്, കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ ഏതെങ്കിലും സിൻഡിക്കേറ്റ് അങ്ങയുടെ ഉത്തരവിനെതിരെ എതെങ്കിലും നടപടി സ്വീകരിച്ചോ; ഇത് ഒരു ഒത്തുകളിയായിരുന്നു. സർവ്വകലാശാല സിൻഡിക്കേറ്റുകൾക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽ, സംസ്കൃത സർവ്വകലാശാലയിൽ, എം.ജി. സർവ്വകലാശാലയിലെല്ലാം വ്യാപകമായി ഇഷ്ടക്കാരെ നിയമിക്കണം. അതിനുവേണ്ടി അങ്ങ് കൂട്ടുനിൽക്കുകയായിരുന്നു. അങ്ങയുടെ കാലത്തല്ലേ നാൽപ്പത്തിരണ്ടായിരം പേർ എഴുതിയ പരീക്ഷയിൽ വ്യാപകമായ ക്രമക്കേട് നടന്നത്? ഉത്തരക്കടലാസ് ഇപ്പോഴും കണ്ടെത്തിയിട്ടില്ലാത്ത അഴിമതിയുടെ ഉത്തരവാദിത്തം അങ്ങേക്കുണ്ടെന്ന് പറഞ്ഞാൽ നിഷേധിക്കാൻ കഴിയുമോ? ധാർമ്മികമായി അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

രാജിവയ്ക്കേണ്ടിയിരുന്നു. ജസ്റ്റിസ് സുകുമാരൻ കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം സർവ്വകലാശാലകളിൽ നിങ്ങൾ ഇറക്കിയ ഉത്തരവ് നിങ്ങൾതന്നെ പിൻവലിച്ചുകൊണ്ട് പുതിയ ഉത്തരവിൽ പറയുന്നതെന്താണ്. 4/2- ലെ ഉത്തരവിൽ പറയുന്നു, അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനനടപടികൾ ആരംഭിച്ചിട്ടുള്ള സർവ്വകലാശാലകൾക്ക് ഇനി തുടരാവുന്നതാണ് എന്ന്. അതായത് ഈ ഗവൺമെന്റിന് ഇനി ചുരുങ്ങിയ ദിവസങ്ങൾ മാത്രമേയുള്ളൂ. ആ കാലഘട്ടത്തിനിടയിൽത്തന്നെ കോഴിക്കോട് സർവ്വകലാശാലയിലെ പ്യൂൺ നിയമനം, സംസ്കൃത സർവ്വകലാശാലയിലെ ലൈബ്രേറിയൻ നിയമനം എന്നിവയുടെ ഉത്തരവുകൾ 4/2-ൽ വന്നു. ജനുവരി 24-ാം തീയതി അങ്ങ് സ്പെഷ്യൽ ഓർഡർ കൊടുത്തില്ലേ, അങ്ങ് നിഷേധിക്കുമോ? എം.ജി. സർവ്വകലാശാലയിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ എന്ന തസ്തികയിലേക്ക് സ്പെഷ്യൽ ഓർഡർ കൊടുത്തു. പി.എസ്.സി.-ക്ക് വിടാൻ നിയമസഭയിലും ക്യാബിനറ്റിലും തീരുമാനിച്ചതിനുശേഷം സ്പെഷ്യൽ ഉത്തരവ് വഴി അങ്ങ് ഇവിടെ സർവ്വകലാശാലകൾക്ക് നിയമനാധികാരം കൊടുക്കുകയാണ്. സർവ്വകലാശാലകളിൽ വ്യാപകമായി വ്യാജ നിയമനം നടക്കുന്നു. മറ്റൊന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഞങ്ങൾക്ക് കുശുമ്പ് എന്ന്. ഈ ഗവൺമെന്റിനെക്കുറിച്ച് ആർക്കെങ്കിലും കുശുമ്പ് തോന്നുമോ? എന്തിനാണ് ഞങ്ങൾ കുശുമ്പ് കാണിക്കുന്നത്? ഇവിടെ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിൽ നിയമനം നടക്കുകയാണ്. അങ്ങ് പറഞ്ഞത് എന്താണ്? അങ്ങ് അഴിമതിക്കെതിരെ കുരിശുയുദ്ധം നടത്തുന്ന ആളാണെന്ന് മേനിയെങ്കിലും നടിക്കുന്ന ആളാണ്. ഈ സർക്കാരിന്റെ കാലത്ത് ഒൻപത് പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള നിയമനം മാർക്കറ്റിൽ ലേലം വിളിച്ചുകൊണ്ടിരിക്കുകയാണ്. പ്രൊഡക്ടിവിറ്റി കൗൺസിലിനാണല്ലോ ഇതിന്റെ ടെസ്റ്റ് നടത്താനുള്ള ചുമതല കൊടുത്തിരിക്കുന്നത്. ആലപ്പുഴ അങ്ങയുടെ കൂടെ ജില്ലയാണല്ലോ, ആലപ്പുഴയിൽ വന്ന വാർത്തകളാണ്. അങ്ങ് വായിച്ചുകാണും. പരീക്ഷ എഴുതാൻ ഉദ്യോഗാർത്ഥികളില്ല. അൻപതിനായിരവും ഒരു ലക്ഷവും പേർ അപേക്ഷിച്ച സ്ഥാനത്ത് എന്തുകൊണ്ട് പരീക്ഷ എഴുതാൻ വന്നില്ല? ടെസ്റ്റിന്റെ തലേ ദിവസം ആണ് പല ആളുകൾക്കും ഹാൾ ടിക്കറ്റ് കിട്ടുന്നത്. നാളത്തെ പരീക്ഷയ്ക്ക് ഇന്നാണ് ഹാൾ ടിക്കറ്റ് കിട്ടുന്നത് അവിടെ സ്പിന്നേഴ്സിൽ 10 മണിക്കാണ് പരീക്ഷയെങ്കിൽ എറണാകുളത്ത് കെ.എസ്.ഡി.പി.-യിൽ 11 മണിക്കാണ് പരീക്ഷ. വിവിധ സ്ഥാപനങ്ങളിലേക്ക് അപേക്ഷിച്ചവർക്ക് ഒരു പരീക്ഷ മാത്രമേ എഴുതാൻ കഴിയുകയുള്ളൂ. തലേ ദിവസം ഹാൾ ടിക്കറ്റ് കിട്ടിയതിരിക്കട്ടെ. എന്റെ കൈയിൽ ഒരു ഹാൾ ടിക്കറ്റ് ഉണ്ട് (ഹാൾ ടിക്കറ്റ് ഉയർത്തിക്കാട്ടി) ഒരു രാകേഷിന് കിട്ടിയ ഹാൾ ടിക്കറ്റാണ് 5-ാം തീയതിയായിരുന്നു പരീക്ഷ. അദ്ദേഹത്തിന് ഹാൾ ടിക്കറ്റ് കിട്ടിയത് 7-ാം തീയതിയാണ്. എങ്ങനെ പരീക്ഷയെഴുതും? അപ്പോൾ നിങ്ങൾ ആളുകളെ തീരുമാനിച്ചു കഴിഞ്ഞു. നിങ്ങൾ തീരുമാനിച്ച ആളുകൾക്കുവേണ്ടി നടത്തുന്ന ഒരു കൃത്രിമ പരീക്ഷയാണ്. ആ ഒൻപത് പൊതുമേഖലാ സ്ഥാപനങ്ങളിലെ 1919 തസ്തികകളിലേക്ക് ഇഷ്ടക്കാരെ, നിങ്ങളുടെ പാർട്ടിക്കാരെ തിരുകിക്കയറ്റാൻ വേണ്ടി പണം വാങ്ങിയുള്ള നിയമനം നടത്തിയെന്നുള്ള ആക്ഷേപമാണ് മാധ്യമങ്ങളിൽ കൂടി

LIBRARY ARCHIVES Kerala Legislative Assembly

പുറത്തുവന്നിരിക്കുന്നത്. മനോരമ പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത് ആലപ്പുഴയിലെ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നുവെന്നാണ്. 'ഹാൾ ടിക്കറ്റ് ലഭിച്ചില്ല, അനേകം പേർക്ക് അവസരം നഷ്ടമായി. പൊതുമേഖലാ സ്ഥാപനങ്ങളിലെ പരീക്ഷ പേപ്പർ ചോർന്നതായി ആരോപണം.' എന്ന് ഉത്തരവാദിത്തപ്പെട്ട മാധ്യമങ്ങൾ പുറത്തുവിട്ട വാർത്തകളാണ്. അങ്ങേക്ക് ഇത് കുശുമ്പാണെന്ന് പറഞ്ഞ് ലഘൂകരിക്കാൻ കഴിയുമോ? അനെർട്ടിൽ നടന്നിരിക്കുന്നതെന്താണ്.? വളരെ പ്രധാനപ്പെട്ട കാര്യമാണ്. അനെർട്ടിലെ നിയമനത്തെ സംബന്ധിച്ച് ഇന്ന് ലോകായുക്തയിൽ ഫയൽ ചെയ്തിരിക്കുന്ന അഫിഡവിറ്റാണ്. അതിൽ പറയുന്നതെന്താണ്. 'Further the qualification of all the posts in ANERT finalised by the Committee for restructuring of ANERT and the Committee for overseeing the restructuring of ANERT has since been submitted to the Government for approval' എന്നാണ്. ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ.-യ്ക്ക് ഈ നിയമസഭയിൽ കൊടുത്ത ഒരു മറുപടിയിൽ എന്താണ് പറയുന്നത്? തസ്തികകൾക്ക് യോഗ്യതാ മാനദണ്ഡങ്ങൾ അംഗീകരിച്ചത് അനെർട്ടിലെ ഉന്നതതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ഇന്ന് ലോകായുക്തയിൽ അഫിഡവിറ്റ് കൊടുത്തിരിക്കുന്നു, അപ്രൂവലിനു വേണ്ടി ഉന്നതതല കമ്മിറ്റിയുടെ തീരുമാനം സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. ശ്രീ. ടി. എൻ. പ്രതാപന് ഏഴ് മാസം മുൻപ് മറുപടി കൊടുത്തിരിക്കുന്നു. അംഗീകരിച്ചത് ഉന്നതതല കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അവിടെ ആളുകളെ എടുത്തു കഴിഞ്ഞിരിക്കുകയാണ്. പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഇന്റേൺ, ഗ്രാഡ്യുവേറ്റ് ഇന്റേൺ, പ്രോഗ്രാമിംഗ് ഇന്റേൺ, സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് ഇവരെയെല്ലാം നിയമിച്ചുകഴിഞ്ഞു. നിയമിച്ചതിനു ശേഷം യോഗ്യതാ മാനദണ്ഡങ്ങൾ അംഗീകരിക്കാൻ വേണ്ടി സർക്കാരിലേക്ക് അയച്ചിരിക്കുന്നു എന്നു പറയുമ്പോൾ ആദ്യം ആളെ നിയമിക്കുക, നിയമിച്ച ആളുകളുടെ ക്വാളിഫിക്കേഷൻ എന്താണോ അത് മനസ്സിലാക്കി അത് തീരുമാനിച്ച് സർക്കാരിലേക്ക് അയയ്ക്കുക. ഇതിനെക്കാൾ വലിയ അഴിമതിയുണ്ടോ? ഇവിടെ കാമ്പസ് റിക്രൂട്ട്മെന്റ് നടത്തിയത് എങ്ങനെയാണ്? പോളിടെക്നിക്കുകളിലെയും എഞ്ചിനീയറിംഗ് കോളേജുകളിലെയും എസ്.എഫ്.ഐ.-ക്കാരുടെ കൈയിൽ നിന്ന് ലിസ്റ്റ് വാങ്ങി കാമ്പസ് റിക്രൂട്ട്മെന്റ് നടത്തിയതിനുശേഷം ഇപ്പോൾ ഡിസ്ട്രിക്റ്റ് എഞ്ചിനീയർ എന്ന തസ്തികയിലേക്കുള്ള നോട്ടിഫിക്കേഷനിൽ പറയുന്ന യോഗ്യതയെന്താണ് - At least one year experience in implementation of IT related projects. അൻപത്തിമൂവായിരം പേർ അപേക്ഷിച്ചു. 120 പേരുടെ അപേക്ഷയേ സ്വീകരിച്ചുള്ളൂ. എന്തുകൊണ്ടാണ്? ഇവിടെ രണ്ട് വർഷം മുൻപ് ഇഷ്ടക്കാരായ എസ്എഫ്ഐ-ക്കാരെയും, ഡി.വൈ.എഫ്.ഐ.-ക്കാരെയും നിയമിച്ചതിനുശേഷം അവരിൽ ഒരു വർഷത്തെ എക്സ്പീരിയൻസുള്ളവരെ സ്ഥിരപ്പെടുത്താൻ തീരുമാനിക്കുന്നു. അനെർട്ടിൽ ഇത്തരത്തിൽ നടക്കുകയാണ്. ഇങ്ങനെ താത്ക്കാലികമായി നിയമിച്ചവരെയെല്ലാം സ്ഥിരപ്പെടുത്താനുള്ള ആസൂത്രിതമായ നീക്കം നടക്കുമ്പോൾ ഒരു കാര്യം അങ്ങ് കൂടി ശ്രദ്ധിക്കണം - ഈ നിയമനങ്ങളിലെല്ലാം സംവരണത്തിന്റെ മാനദണ്ഡങ്ങൾ പൂർണ്ണമായി

LIBRARY ARCHIVES Kerala Legislative Assembly

അട്ടിമറിക്കപ്പെടുകയാണ്. സംവരണത്തിന്റെ മാനദണ്ഡങ്ങൾ പൂർണ്ണമായി അട്ടിമറിച്ചുകൊണ്ടാണ് താത്ക്കാലികമായി നിയമിച്ചവരെ സ്ഥിരപ്പെടുത്താൻ വ്യാപകമായ നീക്കം നടക്കുന്നത്. ഇവിടെ പബ്ലിക് അണ്ടർടേക്കിംഗ്സിലെ നിയമന നടപടികൾ നിർത്തിവച്ചു. 42 ലക്ഷം ചെറുപ്പക്കാർ ഉറക്കമിളച്ച് പരീക്ഷ പാസ്സായി, റാങ്ക് ലിസ്റ്റിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും അവരുടെ പേരുണ്ട്. അവർ ആകാശത്തേക്ക് നോക്കിയിരിക്കുകയാണ്. ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുകയാണ്. അവരെയും അവരുടെ അവകാശങ്ങളെയും നിഷേധിച്ചുകൊണ്ട്, സാമൂഹ്യനീതിയും സംവരണ തത്വങ്ങളും അട്ടിമറിച്ചു കൊണ്ട് സംസ്ഥാനത്ത് നടക്കുന്ന വ്യാജ നിയമനങ്ങളെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇതുസംബന്ധിച്ച് ഞാൻ വളരെ വിശദമായി പ്രതിപാദിച്ചു കഴിഞ്ഞു. ഒരു ആവർത്തനം നടത്തണമെന്ന് ഉദ്ദേശിക്കുന്നില്ല. നിങ്ങളുടെ ഭരണകാലത്ത് കെ.എസ്.യു.-ക്കാരെയും യൂത്ത് കോൺഗ്രസ്സുകാരെയുമെല്ലാം നിയമിച്ച രീതിയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയും ചെയ്തുകൊണ്ടിരിക്കുകയാണെന്ന് വരുത്തിത്തീർക്കുന്നതിനു വേണ്ടിയുള്ള ഒരു കുത്സിത ശ്രമമാണ് ഇവിടെ നടന്നിട്ടുള്ളത്. പി.എസ്.സി.-ക്ക് വിട്ടുകഴിഞ്ഞിട്ടില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പ്രധാനപ്പെട്ട പ്രൊഫഷണൽ ഏജൻസികൾ മുഖേനയാണ് നടക്കുന്നത്. പ്രൊഡക്ടിവിറ്റി കൗൺസിൽ, കിറ്റ്കോ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങൾ മുഖേന എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ നടത്തുന്നത്. ഇതെല്ലാം ഞാൻ ഇവിടെ ഒരു പ്രാവശ്യം നിങ്ങളെ പറഞ്ഞുമനസ്സിലാക്കാൻ ശ്രമിച്ചു. അത് മനസ്സിലാകുന്നില്ല എന്നും നിങ്ങൾ റെഡിമെയ്ഡായി കൊണ്ടുവന്ന ആരോപണങ്ങൾ ആവർത്തിക്കുകയാണ് ചെയ്തിരിക്കുന്നതെന്നുമാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. അതുകൊണ്ട് ഇത് സംബന്ധിച്ച് കൂടുതൽ ആവർത്തിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. ഈ അസംബ്ലി സമയത്ത് ഓരോ ദിവസവും എന്തെങ്കിലും ഒരു പരിപാടി വാക്ക് ഔട്ടിനുവേണ്ടിയോ അതുപോലെ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയോ കൊണ്ടുവരിക എന്നത് നിങ്ങളുടെ ഒരു സ്ഥിരം പരിപാടിയാണ്. ഇന്നലെ എടുത്തതും അതിനുശേഷം ഇന്ന് എടുത്തതും എല്ലാം തന്നെ അതിന്റെ ഭാഗമായിട്ടാണെന്നു മാത്രമേ കരുതുന്നുള്ളൂ. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, സർവ്വകലാശാല നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്റെ പ്രിയ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ചു. എത്രയോ വർഷങ്ങളായി കേരളത്തിൽ സർവ്വകലാശാലകൾ ഉണ്ട്. അന്നൊന്നും നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ടിരുന്നില്ല. ഈ ഗവൺമെന്റ് ധീരമായ ഒരു തീരുമാനം എടുത്ത് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കാൻ തയ്യാറാകേണ്ടേ? ശ്രീ. വിഷ്ണുനാഥിനൊക്കെ മനസ്സിലാകേണ്ട ഒരു കാര്യമുണ്ട്. സർവ്വകലാശാല അതിന്റെ സ്റ്റാറ്റ്യൂട്ടും ചട്ടങ്ങളുമെല്ലാം അനുസരിച്ച് നടത്തിക്കൊണ്ടുവന്ന നിയമനങ്ങളാണ്. സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാലകൾ നടത്തിക്കൊണ്ടിരിക്കുന്ന നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ ഗവൺമെന്റ് തീരുമാനിച്ചാൽ ഒരു ഉത്തരവ് എഴുതിയിട്ട് മാറ്റാൻ പറ്റുമെന്നാരെങ്കിലും ധരിച്ചിട്ടുള്ളത്. ഇതൊക്കെ പഠിക്കേണ്ടേ? കാര്യങ്ങൾ ഒക്കെ ഒന്ന പഠിക്കണം ഇതൊക്കെ സഭയിൽ ഉന്നയിക്കുന്നതിനു മുൻപ് അൽപ്പം സമയമെടുത്ത് പഠിക്കണം. നന്നായി കാര്യങ്ങൾ പഠിക്കുന്ന ആളാണ് ശ്രീ. വിഷ്ണുനാഥ്. പക്ഷേ, ഇത് വേണ്ടത്ര പഠിച്ചില്ല. ഗവൺമെന്റ് സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി-ക്ക് വിടാൻ തീരുമാനിച്ചു കഴിഞ്ഞാൽ Kerala Public Service Commission (Consultation by Corporation and Companies) Rules 1971-ൽ ആവശ്യമായ ഭേദഗതികൾ വരുത്തണം, ആ റൂൾസിന്റെ ഭേദഗതി ഗവൺമെന്റ് അംഗീകരിക്കണം, പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിക്കണം, സർവ്വകലാശാലകൾ അംഗീകരിക്കണം. ഇതിന്റെയൊക്കെ നടപടികൾ ആരംഭിച്ചിരിക്കുകയാണ്. അതാണ് ശ്രീ. വിഷ്ണുനാഥ് ഉന്നയിച്ചത്. അതുകൊണ്ട് വെറുതേ പുകമറ സൃഷ്ടിക്കാൻ ശ്രമിക്കേണ്ട. ഒരുലക്ഷത്തി എഴുപത്തിയായിരം കോടി രൂപയുടെ ഏറ്റവും വലിയ കുംഭകോണം ഇപ്പോൾ അസ്തപ്രജ്ഞമായി. രണ്ടുലക്ഷം കോടിയുടെ കുംഭകോണം വന്നു കൊണ്ടിരിക്കുകയാണ്. അഴിമതി സംബന്ധിച്ച് ഈ ഗവൺമെന്റിനെതിരായി ഒരു പുകമറ പോലുമുയർത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അവസാന ഘട്ടത്തിൽ വെറുതേ അതുമിതും പറഞ്ഞ് അടിയന്തര പ്രമേയം അവതരിപ്പിച്ച് നാടകം കളിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല എന്ന് സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സാന്ദർഭികമായി നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് പ്രേരിപ്പിക്കുന്നില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രീ. ജി. കാർത്തികേയൻ: സർ, നിയമസഭയുടെ അവസാന സന്ദർഭമായതുകൊണ്ട് വാക്കൗട്ടിനുവേണ്ടി പ്രതിപക്ഷം നടത്തുന്ന ഒരു കളിയാണിതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായത് മോശമാണെന്ന് മാത്രമല്ല അതൊരു ജനാധിപത്യ മര്യാദയ്ക്ക് ഭൂഷണവുമല്ല. അങ്ങ് ഈ കസേരയിലിരുന്നുകൊണ്ട് 5 വർഷം കയ്യിൽ പുകുലയേന്തി നിറഞ്ഞാടിയത് അപ്പുറത്തുനിന്ന് ഞങ്ങൾ കണ്ടിട്ടുള്ളതാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ വിഷയത്തെ ശ്രീ. എം. എ. ബേബി വഴിതിരിച്ചുകൊണ്ടുപോയി. ഹൈക്കോടതി പറഞ്ഞതുകൊണ്ട് നിങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു എന്നാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്. അദ്ദേഹം മറ്റൊന്നുകൂടി പറഞ്ഞു. സർവ്വകലാശാലാ നിയമ ഭേദഗതി വേണമെന്നുള്ള ഹൈക്കോടതി വിധി വന്നിട്ട് നാളെത്രയായി? ഒരിഞ്ചുപോലും നിങ്ങൾ അനങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഏറെ പ്രധാനമായിട്ട് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്, അസിസ്റ്റന്റ് നിയമന തട്ടിപ്പിൽ ലോകായുക്ത നിങ്ങൾക്കെതിരെ പറഞ്ഞു, ഹൈക്കോടതി നിങ്ങൾക്കെതിരെ പറഞ്ഞു, ഹൈക്കോടതി വച്ച കമ്മീഷനും നിങ്ങൾക്കെതിരെ പറഞ്ഞു. അതിൽ നിങ്ങൾ എന്തെങ്കിലും നടപടി എടുത്തോ എന്നാണ്? അതാണ് പ്രധാനപ്പെട്ട പ്രശ്നം. ഉടൻതന്നെ സ്പെക്ട്രം അഴിമതിയെക്കുറിച്ച് പറഞ്ഞ് വിഷയം മാറ്റേണ്ട കാര്യമില്ല. ആടിനെക്കുറിച്ച് ചോദിച്ചാൽ ആടിനെക്കുറിച്ച് പറയണം. അല്ലാതെ ആടിനെ കെട്ടുന്ന തെങ്ങിനെക്കുറിച്ചല്ല പറയേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് കാര്യങ്ങളൊക്കെ അറിയുന്ന ആളാണ്. കേരളത്തിലെ എതെങ്കിലുമൊരു യൂത്ത് കോൺഗ്രസുകാരനെയോ കെ.എസ്.യു.-കാരനെയോ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വഴിവിട്ട് നിയമിച്ചുവെങ്കിൽ അവരെ പിരിച്ചു വിടണം. ഞാൻ അതിന് വെല്ലുവിളിക്കുന്നു. നിങ്ങൾ ബഹളം വച്ചിട്ട് കാര്യമില്ല. ഡി.വൈ.എഫ്.ഐ.-യുടെ പ്രമുഖ നേതാക്കന്മാരെല്ലാം ഇവിടെ ഇരിക്കുകയാണ്. കേരളത്തിൽ തൊഴിലവസരങ്ങൾക്കുവേണ്ടി ഏറ്റവുമധികം സമരം നടത്തി, കേരളത്തിൽ സമര കാഹളം മുഴക്കിയവരാണ് ഇവർ. നിങ്ങളുടെ കൺമുന്നിൽവച്ച് പി.എസ്.സി. എന്നുപറയുന്ന കേരളത്തിലെ ചെറുപ്പക്കാരുടെ ഒരു വിശ്വാസകേന്ദ്രമായ ആ സ്ഥാപനത്തെ നോക്കുകുത്തിയാക്കിയിട്ട് പുറം വാതിലിൽ കൂടി മാത്രമല്ല, സകല വാതിലിൽ കൂടിയും ആളുകളെ തിരുകി കയറ്റുന്നത് നിങ്ങൾ കാണുന്നില്ലേ? കേരളത്തിലെ പി.എസ്.സി.-യിൽ ഏതെല്ലാം വഴിയിലൂടെയാണ് ആളുകളെ എടുക്കുന്നത്? സെൻട്രൽ ആക്ട് അനുസരിച്ച് എവിടെയെങ്കിലും ഒഴിവ് വന്നാൽ അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്നുള്ള നിയമമില്ലേ? ആ നിയമത്തെയെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ഇഷ്ടക്കാരെ തിരുകിക്കയറ്റുന്നതിനു വേണ്ടി കേരളമെമ്പാടും നടത്തുന്ന വ്യാപകമായ പിൻവാതിൽ നിയമനം, അതാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്. അതിവിടെ ചർച്ച ചെയ്യേണ്ടതല്ലേ? അത് ചർച്ചചെയ്യാൻ വരുമ്പോഴൊക്കെ കേരളത്തിലെ മുഖ്യമന്ത്രി വളരെ ഹാസ്യമായി, മുഖ്യമന്ത്രി ആ പദവിയും ശക്തിയുമുപയോഗിച്ച് ഞങ്ങളെ അടച്ച് ആക്ഷേപിക്കുന്നു. അങ്ങ് വസ്തുതകൾ മനസ്സിലാക്കാൻ ശ്രമിക്കണം. ഇന്നലെ ഞങ്ങൾ കൊണ്ടുവന്നത് വേറൊരു വിഷയമാണ്. അത് വാക്കൗട്ടിനുവേണ്ടി കൊണ്ടുവന്നതല്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. ലളിതമായി ഒരു കാര്യം പറയാം. കേരളത്തിൽ, അങ്ങയുടെ ഗവൺമെന്റിനു കീഴിൽ സകല നിയമങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ട് എല്ലാ ഡിപ്പാർട്ടുമെന്റുകളിലും യോഗ്യതയില്ലാത്ത ആളുകളെ നിയമിക്കുന്നു. ശ്രീ. എം. എ. ബേബി ഇതൊരു ഹാസ്യമായി എടുത്തു. അക്കാദമിക് ഇന്റഗ്രസ്റ്റ്, അക്കാദമികം എന്നൊക്കെ അങ്ങ് എപ്പോഴും പറയാറുണ്ടല്ലോ. യൂണിവേഴ്സിറ്റികളിൽ നടക്കുന്ന പുറംവാതിൽ നിയമനങ്ങളിൽകൂടി നമ്മുടെ ഏതെങ്കിലും അക്കാദമിക് ഇന്റഗ്രസ്റ്റ് നമുക്ക് കീപ്പ് ചെയ്യാൻ കഴിയുന്നുണ്ടോ? സർവ്വകലാശാല സിൻഡിക്കേറ്റും മറ്റ് അനുബന്ധ സ്ഥാപനങ്ങളുമായി ഇല്ലീഗൽ നെക്സസ് പല സന്ദർഭത്തിലും ഉണ്ടായിട്ടില്ലേ? അങ്ങനെയല്ലേ നിയമനങ്ങളെല്ലാം നടന്നത്. ഭൂമിയിൽ എവിടെയും നടക്കുന്ന അഴിമതി അഴിമതിയല്ലായെന്ന് ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. സ്പെക്ട്രം കേസ്സുമായി ബന്ധപ്പെട്ട അഴിമതിക്കാരനെ സിബിഐ. അറസ്റ്റ് ചെയ്ത് ജയിലിലാക്കിയത് നിങ്ങൾക്കറിയില്ലേ? ഇവിടെ ഒച്ചയെടുക്കുന്നതിൽ കാര്യമില്ല. നിങ്ങൾ എത്ര ഒച്ചയെടുത്താലും കേരളത്തിലെ ഉദ്യോഗ തട്ടിപ്പിനെതിരായും പി.എസ്.സി.-യെ നോക്കുകുത്തിയാക്കുന്നതിനെതിരായും ആരോപണങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. തൊഴിലവസരങ്ങൾക്കുവേണ്ടി കേരളമെമ്പാടും മുദ്രാവാക്യം വിളിച്ചുകൊണ്ട് സമരം നടത്തിയവരാണ് നിങ്ങൾ. ക്രമരഹിതമായി ആരെയും നിയമിച്ചിട്ടില്ലായെന്ന് മുഖ്യമന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടില്ല. തട്ടിപ്പിന്റെ കേന്ദ്രമായി നമ്മുടെ സർവ്വകലാശാലകൾ മാറുന്നു. കേരളത്തിന്റെ ഭാവി എന്നുപറഞ്ഞുകൊണ്ട് വെറുതെ ആവശ്യമില്ലാത്ത മലയാളവാക്കുകൾ എടുത്ത് അമ്മാനമാടുകയാണ് ചെയ്യുന്നത്. ഇന്നത്തെ സർവ്വകലാശാലകളുടെ ക്രെഡിബിലിറ്റി നിങ്ങൾക്കറിയില്ലേ? എത്ര നിസ്സാരമായിട്ടാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിനെ പറഞ്ഞത്? വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അതിനെക്കുറിച്ച് ഒരു മറുപടി പറഞ്ഞിട്ട് ഡൽഹിയിലേക്ക് പോകാമായിരുന്നു. അതിൽ അദ്ദേഹം മറുപടി പറഞ്ഞില്ല. അങ്ങേക്ക് അതിൽ മറുപടിയില്ലായെന്ന് ഞങ്ങൾക്കറിയാം. കാരണം മറുപടിയില്ലാത്തതുകൊണ്ടാണ് ഇന്നും അവിടെ രണ്ടാമത് വന്നയാൾ വെളിയിൽ നിൽക്കുകയും 600-ാമതായി വന്നയാൾ മന്ത്രിയിൽ ഇരിക്കുന്നതും. ഇതിൽ പ്രകടമായ തെളിവുകളുണ്ട്. ഇക്കാര്യങ്ങൾ ഞങ്ങൾ പറയുന്നതല്ല, കോടതി പറഞ്ഞു, അന്വേഷണ കമ്മീഷൻ പറഞ്ഞു, ലോകായുക്ത പറഞ്ഞു. ഇത് ആരു പറഞ്ഞാലും നിങ്ങൾക്ക് ഒരു പ്രശ്നവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് ശ്രദ്ധിക്കേണ്ടതായിരുന്നു. ആ സമയത്ത് മുഖ്യമന്ത്രി ചില വീടിന്റെ മുകളിൽ കാണുന്ന പ്രതിമപോലെ കാതുംപൊത്തി, കണ്ണുംപൊത്തി, വായും പൊത്തി ഇരിക്കും, ഒന്നും മിണ്ടുകയില്ല. അല്ലാത്തപ്പോൾ മാത്രം അങ്ങ് സംഹാര താണ്ഡവമാടിയിട്ട് കാര്യമില്ല. അങ്ങയുടെ നിലപാട് എപ്പോഴും ഒരുപോലെയായിരിക്കണം. ഈ കാര്യത്തിൽ ഗുരുതരമായ തെറ്റ് മാത്രമല്ല, കേരളത്തിലെ ചെറുപ്പക്കാരോട് ഇടതുപക്ഷ ജനാധിപത്യമുന്നണി കാണിക്കുന്ന ഗുരുതരമായ ദ്രോഹവുമാണ്. ഇതുസംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോകുന്നു.

(ശ്രീ. ജി. കാർത്തികേയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്തെ ഞെട്ടിച്ച ഒരു സംഭവമായിരുന്നു വ്യാജ നിയമനത്തിലൂടെ സർവ്വീസിൽ കടന്നുകൂടിയത്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെയില്ലാത്ത വിധത്തിലുള്ള ഏറ്റവും വലിയൊരു തട്ടിപ്പാണ് ഈ നിയമനങ്ങളിലൂടെ നടന്നത്. സർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly

നിയമനം പി.എസ്.സി.-യ്ക്ക് വിട്ടുവെങ്കിലും അതിന്റെ നിയമ ഭേദഗതികൾക്കുവേണ്ടി നടപടികളുമായിട്ടാണ് സർക്കാർ പോകുന്നത്. കോടതിയുടെ നിർദ്ദേശപ്രകാരം നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചുവെങ്കിലും കാണാതായതുപ്രകാരം കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. ആ ഉത്തരക്കടലാസ് ഒരു സർവ്വകലാശാലയിൽ നടന്ന പരീക്ഷയുടെ ഉത്തരക്കടലാസ് എങ്ങനെ കാണാതെ പോയി എന്നതിനെ സംബന്ധിച്ച് അന്വേഷണം നടത്താനോ നടപടിയെടുക്കാനോ നമുക്ക് സാധിക്കാതെ പോയി. അതുകൊണ്ട് സർവ്വകലാശാലകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും സഹകരണ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി.-ക്ക് വിടണം. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിലൂടെ സംവരണം അട്ടിമറിക്കപ്പെടുകയാണ്. ആയതിനാൽ സംവരണം പാലിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ധാരാളം ആളുകളുണ്ട്. അതിൽ എട്ട് ഓവറായി നിൽക്കുന്നവരുമുണ്ട്. അവരെ സംവരണാടിസ്ഥാനത്തിൽ നിയമിക്കണം. ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക നിയമനങ്ങൾ നിർബാധം തുടർന്നുകൊണ്ടിരിക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ഇത്തരത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ച് സംവരണം അട്ടിമറിക്കുന്ന ഈ നയം ഒരിക്കലും അംഗീകരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഒരു നിയമനവും ഇനി പി.എസ്.സി. മുഖേനയല്ലാതെ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാൻ പാടില്ല. അതുപോലെതന്നെ പൂർണ്ണമായും സംവരണം പാലിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. താൽക്കാലിക നിയമനങ്ങൾ നടത്തുമ്പോൾ അത് പൂർണ്ണമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാകണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്രയും ഗൗരവതരമായ ഈ പ്രശ്നം ഇവിടെ ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, പി.എസ്.സി. ശിപാർശ ചെയ്യാത്ത ആളുകളെ സർവ്വീസിൽ നിയമിച്ചുവെന്നുള്ള ആക്ഷേപം സാർവ്വത്രികമായി 10.00 AM] ഉണ്ടായതാണ്. ഇപ്പോൾ സർവ്വകലാശാലയുടെ കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. നിയമനം പി.എസ്.സി.-ക്ക് വിട്ട ഉത്തരവ് പിൻവലിച്ചു. ഇനി പി.എസ്.സി. വഴിയേ അവിടെ നിയമനം നടത്തൂ എന്ന് ഉറപ്പുപറയാൻ തയ്യാറുണ്ടോ? അല്ലെങ്കിൽ പിൻവാതിലിലൂടെ ആളുകളെ നിയമിക്കാൻ വേണ്ടി ആ ഉത്തരവ് പിൻവലിച്ചുവെന്ന് പറയേണ്ടതായി വരും. ഗുരുതരമായ ഈ വിഷയത്തെപ്പറ്റി ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തിയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

LIBRARY ARCHIVES Kerala Legislative Assembly